<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5509</u> <u>24-03-2025 - ൽ മറുപടിയ്ക്ക്</u>

<u>കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതി</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മഞ്ഞളാംകുഴി അലി</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് 2016-നു ശേഷം നടന്ന കുറ്റകൃത്യങ്ങളുടെ എണ്ണം വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് 2016 -ന് ശേഷം നടന്ന കുറ്റകൃത്യങ്ങളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><th>Year</th><th>Total Cognizable Crimes (BNS/IPC & SLL)</th></tr>
<tr><td>2017</td><td>653500</td></tr>
<tr><td>2018</td><td>512167</td></tr>
<tr><td>2019</td><td>453083</td></tr>
<tr><td>2020</td><td>554724</td></tr>
<tr><td>2021</td><td>524960</td></tr>
<tr><td>2022</td><td>454836</td></tr>
<tr><td>2023</td><td>584373</td></tr>
<tr><td>2024</td><td>504157</td></tr>
<tr><td>2025( up to 16.03.2025)</td><td>71648</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>2016-നു ശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ, കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, ലഹരികടത്തുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;</td><td>(ബി)</td><td>2016 ന് ശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ, കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, ലഹരിക്കടത്തുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറയ്ക്കുന്നതിനുമായി പ്രത്യേകം പദ്ധതി നടപ്പിലാക്കുമോ?</td><td>(സി)</td><td>കുറ്റകൃത്യങ്ങളുടെ വർഷം തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ 2017 -ൽ രജിസ്റ്റർ ചെയ്ത ആകെ കേസുകളുടെ എണ്ണത്തേക്കാൾ (653500) കുറവാണ് തുടർന്നുള്ള വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.</td></tr>
</table>

കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറയ്ക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**ഓപ്പറേഷൻ കാവൽ**

ഗുണ്ടകളുടെയും മാഫിയകളുടെയും പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനായി കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഓപ്പറേഷൻ കാവൽ. ഇതിലൂടെ സ്ഥിരം കുറ്റവാളികൾക്കും, സാമൂഹ്യവിരുദ്ധർക്കുമെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

**ഓപ്പറേഷൻ ഡി-ഹണ്ട്**

മയക്കുമരുന്നിനെതിരെയുള്ള കർശനമായ പോലീസ് നടപടികളാണ് ഓപ്പറേഷൻ ഡി-ഹണ്ടിലൂടെ നടത്തി വരുന്നത്. മയക്കുമരുന്ന് വിപണനവും, ഉപയോഗവും തടയുക എന്ന ലക്ഷ്യത്തോടെ വ്യാപകമായ റെയ്ഡുകളും അറസ്റ്റും നടത്തുകയും വിവിധ ഇനങ്ങളിലുള്ള മയക്കുമരുന്നുകൾ പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്

**ഓപ്പറേഷൻ പി-ഹണ്ട്**

കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ ഡാർക്ക് വെബിലൂടെയും മറ്റും പ്രചരിപ്പിക്കുന്നതും വിപണനം ചെയ്യുന്നതും കണ്ടെത്തി തടയുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണിത്. നിരന്തരം Cyber Space -ൽ നിരീക്ഷണവും റെയ്ഡും നടത്തി കുറ്റവാളികളെ പിടികൂടി നിയമത്തിന് മുൻപിൽ കൊണ്ടു വരുന്നു.

**സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം**

സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അന്വേഷണം നടത്തുന്നതിന് ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ ചുമതലയിൽ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ക്രൈം ബ്രാഞ്ചിന്റെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

**സൈബർ ഓപ്പറേഷൻസ്**

വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും തടയുന്നതിനുമായി കേരളാ പോലീസ് കാലോചിതവും ശക്തവുമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യാനും കേസുകളിൽ ആവശ്യമായ സഹായം നൽകാനുമായി സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

**പുതിയ പോലീസ് സ്റ്റേഷൻ**

**അനുബന്ധം**

I.

| സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Year** | **2017** | **2018** | **2019** | **2020** | **2021** | **2022** | **2023** | **2024** | **2025( up to 16.03.2025)** |
| **Crime Against Woman(18 Yrs & Above)** | 11762 | 11774 | 11444 | 9977 | 13689 | 14891 | 15502 | 14356 | 2478 |
| **Crimes Against Children(Girl)** | 2522 | 2908 | 3301 | 2843 | 3459 | 4507 | 4525 | 4562 | 894 |
| **Crimes Against Children(Boy)** | 602 | 749 | 879 | 677 | 699 | 796 | 948 | 868 | 163 |

II.

| സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Year** | **2017** | **2018** | **2019** | **2020** | **2021** | **2022** | **2023** | **2024** | **2025( up to 16.03.2025)** |
| **Total Cyber Crime Cases** | 306 | 398 | 440 | 520 | 860 | 906 | 3177 | 3581 | 421 |

III.

| ലഹരിക്കടത്തുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Year** | **2017** | **2018** | **2019** | **2020** | **2021** | **2022** | **2023** | **2024** | **2025( up to 16.03.2025)** |
| **Total Crime Cases** | 677 | 764 | 751 | 486 | 617 | 1998 | 2387 | 2068 | 734 |

Rejith

**സെക്ഷൻ ഓഫീസർ**

| | | | |
|---|---|---|---|
| | | | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 13 പുതിയ പോലീസ് സ്റ്റേഷനുകൾ, 4 വനിതാ പോലീസ് സ്റ്റേഷനുകൾ, 19 സൈബർ പോലീസ് സ്റ്റേഷനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br><br>**ERSS സംവിധാനം**<br><br>ടോൾ ഫ്രീ സംവിധാനത്തോടുകൂടി 112 എന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന ഈ കൺട്രോൾ റൂമിലേക്ക് പൊതുജനങ്ങൾക്ക് ഏത് സമയവും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാവുന്നതും പോലീസ് സഹായം ആവശ്യപ്പെടാവുന്നതുമാണ്.<br><br>**ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ -മാരായി നിയമിച്ചത്**<br><br>പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ മാരായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ